പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1768

04.12.2015-ൽ മറുപടിയ്ക്ക്

## പഞ്ചായത്തംഗങ്ങൾക്ക് ഓണറേറിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളാണ് നിലവിലുള്ളത്; പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റിയംഗങ്ങൾ എന്നിവരടക്കമുള്ള പഞ്ചായത്തംഗങ്ങൾക്ക് എത്ര രൂപയാണ് പ്രതിമാസം ഓണറേറിയമായി ലഭിക്കുന്നത്; | എ) | സംസ്ഥാനത്ത് നിലവിൽ 941 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളുമാണുള്ളത്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓണറേറിയം തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വർദ്ധിപ്പിച്ചു; എന്നു മുതൽ ഇത് ലഭിക്കുന്നു; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനപ്രതിനിധികളുടെ ഓണറേറിയം തുക 2 തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. 20.10.2011-ലെ സ.ഉ.(അച്ചടി) നമ്പർ 260/2011/തസ്വഭവ പ്രകാരം 01.04.2011 മുതൽ പ്രാബല്യത്തോടെ 1,000/- രൂപയും 04.09.2013-ലെ ജി.ഒ.(അച്ചടി) നമ്പർ 292/2013/തസ്വഭവ പ്രകാരം 01.04.2013 മുതൽ പ്രാബല്യത്തോടെ 1,000/- രൂപയും വർദ്ധിപ്പിച്ചിട്ടുണ്ട്. |

| അംഗങ്ങൾ | പ്രതിമാസ ഓണറേറിയം | | |
|---|---|---|---|
| | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| പ്രസിഡന്റ് | 6600 | 7300 | 7900 |
| വൈസ് പ്രസിഡന്റ് | 5300 | 6000 | 6600 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 4100 | 4400 | 4700 |
| അംഗങ്ങൾ | 3500 | 3800 | 4400 |

| | | | |
|---|---|---|---|
| സി) | മുൻ പഞ്ചായത്തംഗങ്ങൾക്ക് പെൻഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു നൽകാൻ നടപടി സ്വീകരിക്കുമോ; | സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| ഡി) | അശരണരായും അസുഖബാധിതരായും ചികിത്സയ്ക്ക് മാർഗ്ഗമില്ലാതെ കഷ്ടപ്പെടുന്ന മുൻ പഞ്ചായത്തംഗങ്ങൾക്ക് ചികിത്സാ സഹായധനം എത്തിക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | കേരള സാമൂഹ്യസുരക്ഷാമിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ സാമ്പത്തികവർഷവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി പുറപ്പെടുവിച്ച 06.05.2013-ലെ ജി.ഒ.(ആർ.റ്റി) 1209/2013/തസ്വഭവ പ്രകാരം തുക കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തുകളിലെ മുൻ അംഗങ്ങളെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ